THURSDAY 30.11.2023 വ്യാഴാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)30/11/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, ഏറനാട്, നിലമ്പൂർ, വണ്ടൂർ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

കേരളത്തിൽ പൊതുവായും മലപ്പുറം ജില്ലയിൽ പ്രത്യേകിച്ചും കാർഷിക മേഖല പുരോഗതിയുടെ പാതയിലാണ്. നൂതനങ്ങളായ വിവിധ പദ്ധതികളാണ് കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കേരള അഗ്രോ ബിസിനസ് കമ്പനി, വാല്യൂ ആഡഡ് അഗ്രികൾച്ചറൽ മിഷൻ എന്നിവ വിപ്ലവകരമായ മാറ്റമാണ് കാർഷിക മേഖലയിൽ കൊണ്ടുവരാൻ പോകുന്നത്. കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കോട്ടക്കൽ ആയുർവേദ കോളേജ് ഗ്രൗണ്ടിൽ ചേർന്ന കോട്ടക്കൽ നിയോജകമണ്ഡലം നവകേരള സദസ്സ് അഭിസംബോധന ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷി കൂട്ടങ്ങൾ രൂപീകരിച്ച ജില്ല മലപ്പുറം ആണ്. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ മലപ്പുറം ജില്ല ഏറെ മുന്നിലാണ്. 108 ഉത്പന്നങ്ങളാണ് മലപ്പുറം ജില്ല വിപണനത്തിനായി തയ്യാറാക്കിയിരിക്കുന്നത്. 18 എഫ്. പി.ഓകൾ, 69 കേരഗ്രാമങ്ങൾ, 43 നാളികേര സംഭരണ യൂണിറ്റുകൾ തുടങ്ങി ഒട്ടനവധി കാര്യങ്ങളാണ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഇതിനകം 26.35 കോടി രൂപ നാളികേര സംഭരണത്തിനായി ചെലവഴിച്ചു. ലോകത്തിൽ ആദ്യമായാണ് ഒരു ഭരണകൂടം മുഴുവൻ ജനങ്ങളിലേക്ക് ഇറങ്ങിവരുന്നത്. ഇത് ലോകത്തിൽ തന്നെ ആദ്യ സംഭവമാണ്. 2025 നവംബർ ഓടുകൂടി കേരളത്തിൽ അതി ദരിദ്ര കുടുംബങ്ങൾ ഉണ്ടാവുകയില്ല. അതിദാരിദ്ര്യരഹിത സംസ്ഥാനമായി കേരളം മാറും. കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു

2. നാളികേരത്തിൽ നിന്ന് വിവിധങ്ങളായ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിലൂടെ കേര കർഷകർക്ക് മികച്ച വരുമാനം ഉണ്ടാക്കാൻ സാധിക്കും. നവകേരള സദസുമായി ബന്ധപ്പെട്ട് മലപ്പുറത്ത് എത്തിയ കൃഷി മന്ത്രി മക്കരപ്പറമ്പ് കേരസമിതി ആരംഭിച്ച ഇളനീർ പാർലർ സന്ദർശിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു.നാളികേരത്തിൽ നിന്ന് വിവിധ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി 13 അംഗങ്ങൾ ചേർന്ന് കേരസമിതി കൃഷി കൂട്ടായ്മ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രജിസ്റ്റർ ചെയ്യുകയും ഫാദി എന്ന പേരിൽ ഒരു ഇളനീർ പാർലർ ആരംഭിക്കുകയും ചെയ്തു.വിവിധ കേര കർഷകരിൽ നിന്ന് നേരിട്ട് ഇളനീർ ശേഖരിച്ച് ഇളനീർ, ഇളനീർ കേക്ക്, ഇളനീർ സിപ്പ് അപ്പ് തുടങ്ങിയ മൂല്യ വർധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം നടത്തുകയും ചെയ്തതോടെ ഈ പുതിയ സംരംഭം വൻ വിജയമായി തീരുകയായിരുന്നു.നാളികേര കൃഷിയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിച്ച് കർഷകരുടെ സമഗ്ര പുരോഗതിക്കായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കേരഗ്രാമം. ഓരോ കേരഗ്രാമം പദ്ധതിക്കും കീഴിൽ കേര സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കേരസമിതികൾ മൂല്യ വർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ലോകോത്തര നിലവാരത്തിൽ അത് വിപണനം നടത്തുകയും ചെയ്യണം. മൂല്യ വർദ്ധിത ഉൽപ്പന്നമായ ഉരുക്കുവെളിച്ചെണ്ണയ്ക്ക് ലോകത്തിൽ വൻ ആവശ്യകതയുണ്ട്. നാളികേര അധിഷ്ഠിത മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും ബ്രാൻഡ് ചെയ്യുന്നതിനും പാക്കിംഗ് ചെയ്യുന്നതിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കേരകർഷകർക്ക് എല്ലാ സഹായങ്ങളും നൽകിവരുന്നുണ്ട്. ഇത് കർഷകർ പരമാവധി പ്രയോജനപ്പെടുത്തണം. പച്ച തേങ്ങാ സംഭരണം ഇന്ന് ഏറ്റവും മികച്ച രീതിയിൽ നടക്കുന്നുണ്ട്. വർഷത്തിൽ എല്ലാ ദിവസവും പച്ചത്തേങ്ങ 35 രൂപ നിരക്കിൽ സംഭരിക്കും. പച്ച തേങ്ങ സംഭരണ യൂണിറ്റുകൾ ആവശ്യമെങ്കിൽ പുതുതായി അനുവദിക്കുകയും ചെയ്യും. കർഷകരുടെ സമഗ്ര പുരോഗതിയാണ് ഈ സർക്കാറിന്റെ ലക്ഷ്യം. കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു.

3. കൃഷി വിജ്ഞാന കേന്ദ്രയുടെ സാങ്കേതിക വിഭാഗം വികസിപ്പിച്ച ഉയർന്ന ഗുണനിലവാരമുള്ള കരിമീൻ കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്ലഭ്യമാണ്. മുൻകൂറായി ബുക്ക് ചെയ്ത് എല്ലാ മാസവും ആദ്യ വ്യാഴാഴ്ച്ച വിതരണം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ( കെയ്കോ), അത്താണി എറണാകുളം .ഫോൺ നമ്പർ - 0484-2474267.

4. 14-ആമത് ഓണാട്ടുകര (ആലപ്പുഴ ജില്ല) കാർഷികോത്സവത്തോടനുബന്ധിച്ച് നടത്തുന്ന കാർഷിക വിള മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഓണാട്ടുകര കർഷകശ്രീ, വനിതാ കർഷകശ്രീ, കുട്ടി കർഷകശ്രീ, മികച്ച നെല്ല്, വാഴ, പച്ചക്കറി, സമ്മിശ്ര കർഷകൻ എന്നീ ഇനങ്ങളിൽ ആണ് മത്സരം. വെള്ള പേപ്പറിൽ പേര്, അഡ്രസ്സ്, മത്സരിക്കുന്ന ഇനം, വിളവിസ്തൃതി, ലൊക്കേഷൻ, ഫോൺ നമ്പർ എന്നിവ കാണിച്ച് ഇന്ന് തന്നെ (30-11-2023) ചാരുംമൂട് കാർഷിക വിപണി

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


കാർഷികോത്സവ സംഘാടക സമിതിയിൽ എത്തിക്കണം. കഴിഞ്ഞ 3 വർഷത്തിൽ സമ്മാനം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9207583187/9446370831

5. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ വെള്ളായണി കാർഷിക കോളേജിൽ നടത്തിവരുന്ന പിജി ഡിപ്ലോമ ഇൻ ഹോർട്ടികൾച്ചറൽ തെറാപ്പി കോഴ്സിന് ഒഴിവുള്ള സീറ്റുകളിലേക്ക് ഓൺലൈൻ അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യരായ അപേക്ഷകർക്ക് ഇന്ന് (30.11.2023) വരെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾക്ക് www.admisions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

6. കേരള കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്നൊരുക്കുന്ന "പൂപ്പൊലി 2024" 2024 ജനുവരി 1 ന് വയനാട് ജില്ലയിൽ തുടക്കം കുറിക്കുന്നു. വൈവിധ്യമാർന്ന അലങ്കാരവർണ്ണ പുഷ്പങ്ങളുടെ പ്രദർശനമാണ് ഈ മേളയുടെ പ്രധാന ആകർഷണം. ഇതോടൊപ്പം തന്നെ കാർഷിക മേഖലയുടെ പ്രാധാന്യം വിളിച്ചോതുന്നതും, നൂതന സാങ്കേതിക വിദ്യകളിലൂടെ വികസിപ്പിച്ചെടുത്ത വിത്തുകളുടെയും സസ്യങ്ങളുടെയും പ്രദർശനവും, വിപണനവും ഇതിന്റെ ഭാഗമായി നടത്തപ്പെടുന്നു.കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, അവയുടെ പരിഹാര മാർഗ്ഗങ്ങൾ, കാർഷിക മേഖലയിലെ പുത്തൻ സാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് വിദഗ്ധരുടെ നേതൃത്വത്തിലുള്ള സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കുന്നുണ്ട്. വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെയും കർഷകർ, മറ്റ് വിശിഷ്ട വ്യക്തികൾ എന്നിവരുടേതുമടക്കം നിരവധി സ്റ്റാളുകളും സന്ദർശകർക്കായി ഒരുക്കുന്നു. എല്ലാ സായാഹ്നങ്ങളിലും കലാവിരുന്നുകളും പുഷ്പമേളയുടെ ഭാഗമായി നടത്തപ്പെടും.

7. ഇടുക്കി ജില്ലയിലെ പാർത്തോട് കിസ്സാൻ സർവ്വീസ് സൊസൈറ്റിയും സ്പൈസസ് ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ കൃഷിയും ശാസ്ത്രീയ മാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ഡിസംബർ 6 ന് രാവിലെ 10 മണിയ്ക്ക് പാർത്തോട് കിസ്സാൻ സർവ്വീസ് സൊസൈറ്റിയിൽ വച്ച് ഒരു പഠനക്ലാസ്സ് സംഘടിപ്പിക്കുന്നു. സ്പൈസസ് ബോർഡിലെ വിദഗ്ദ്ധർ ക്ലാസ്സുകൾ നയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9497790081.

8. കേരള സംസ്ഥാന കശുമാവ് കൃഷിവികസന ഏജൻസിയിൽ വടക്കൻ ജില്ലകളുടെ കോ-ഓർഡിനേറ്റർ തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനത്തിനുള്ള വാക് ഇൻ ഇൻറർവ്യൂ ഇന്ന് (2023 നവംബർ 30) ഉച്ചയ്ക്ക് 2 മണിക്കു കൊല്ലം ഗവൺമെൻറ് ഗസ്റ്റ് ഹൗസിൽ നടക്കും. കൃഷിയോ, കൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലകളിലോ കുറഞ്ഞത് 10 വർഷം പ്രവൃത്തിപരിചയമുള്ള സൂപ്പർവൈസറി കേഡറിൽ ജോലി ചെയ്ത ബിരുദധാരികളെയാണ് നിയമിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുമായി ഹാജരാകണം. വിശദ വിവരങ്ങൾക്ക് 0474 2760456 എന്ന ഫോൺ നമ്പരിലോ www.kasumavukrishi.org എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

9. ദേശീയ ക്ഷീരദിനത്തോടനുബന്ധിച്ച് അമൂലും പൂക്കോട് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് ഡയറി സയൻസ് ആൻഡ് ടെക്നോളജിയും ചേർന്ന് ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കായി സംസ്ഥാനതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. ക്ഷീര-ഭക്ഷ്യമേഖലയിൽ നിന്നുള്ള വിഷയങ്ങൾ അധികരിച്ചാണ് ക്വിസ് നടത്തുക. ഇന്ന് (നവംബർ 30-ന്) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഓഡിറ്റോറിയത്തിൽ വെച്ചാണ് മത്സരം. രണ്ട് പേർ അടങ്ങുന്ന ടീം ആയിട്ട് ആണ് മത്സരാർത്ഥികൾ പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ലിങ്ക്: https://forms.gle/QpNiNWDznkv5nEG56, ഫോൺ: 9207429765

10. **കൃഷിയിലെ വന്യജീവി നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച്** ഒരു ഹാക്കത്തോൺ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ഈ വിഷയത്തെക്കുറിച്ചുള്ള ആശയങ്ങൾ 2023 ഡിസംബർ 5 ന് മുമ്പായി പ്രോഗ്രാം കോർഡിനേറ്റർ, കൃഷി വിജ്ഞാനകേന്ദ്രം, കണ്ണൂർ, കാഞ്ഞിരങ്ങാട് പി. ഒ , തളിപ്പറമ്പ്, കണ്ണൂർ - 670142 എന്ന വിലാസത്തിലോ, 8547675124 എന്ന ഫോൺ നമ്പരിലോ, kvkkannurhack@gmail.com എന്ന ഈ-മെയിൽ വിലാസത്തിലോ അയയ്ക്കാവുന്നതാണ്.

### പരിശീലന പരിപാടി

11. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് നടത്തുന്ന ഏകദിനപരിശീലനം ഡിസംബർ 01-ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടത്തുന്നു. റബ്ബർതോട്ടങ്ങളിൽനിന്നുള്ള അധികവരുമാനമാർഗ്ഗം എന്ന നിലയ്ക്കാണ് ഈ വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9447710405, എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ https://training.rubberboard.org.in എന്ന ഈ- മെയിലിലോ ബന്ധപ്പെടുക.

12. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് "കാട വളർത്തൽ" എന്ന വിഷയത്തിൽ ഇന്ന് (30.11.2023) രാവിലെ 10 മണി മുതൽ 1 മണി വരെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം